പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 859

03/12/2014-ൽ മറുപടിയ്ക്കു

**മിഷൻ 676 – ശബരിമല വികസനം**

**ചോദ്യം**

ശ്രീ. പി.സി. വിഷ്ണുനാഥ്
ശ്രീ. കെ. ശിവദാസൻ നായർ
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ
ശ്രീ. കെ. മുരളീധരൻ

എ) മിഷൻ 676 ൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിനായി പദ്ധതികൾ പ്രഖ്യാപിച്ചി ട്ടുണ്ടോ;

ബി) എന്തെല്ലാം പദ്ധതികളാണ് മിഷൻ 676 വഴി നടപ്പാക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം;

സി) പദ്ധതി 1563, 1564, 1565, 1566 കളെ സംബന്ധിച്ച രൂപരേഖ തയ്യാറാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

ഡി) പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ ഭരണ തലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

**ഉത്തരം**

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ), ബി), സി) & ഡി) സർക്കാർ നടപ്പിലാക്കുന്ന മിഷൻ 676 -ൽ ഉൾപ്പെടുത്തി ശബരിമല വികസനത്തിനായി താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

1) നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിലേക്ക് വാഹനങ്ങൾ പോകുന്നതിനും വരുന്നതിനുമുള്ള റോഡിന്റെ വീതികൂട്ടുകയും ഉപരിതലം ക്രമപ്പെടുത്തുകയും ചെയ്യും
2) കുടിവെള്ള വിതരണത്തിനായി പാണ്ടിത്താവളത്ത് നിർമ്മിച്ചിട്ടുള്ള 5 എം.എൽ.റ്റി. ടാങ്ക് പൂർത്തിയാക്കും.
3) ശബരിമല സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് പൂർത്തീകരിക്കും.
4) പമ്പാ മണപ്പുറത്ത് ഒന്നും, രണ്ടും യൂണിറ്റ് ലാട്രിൻ കോംപ്ലക്സുകൾ നിർമ്മിക്കും.
5) ശബരിമല മാസ്റ്റർപ്ലാനിന്റെ ഭാഗമായി മരക്കൂട്ടം മുതൽ ശരംകുത്തിവരെ പതിമൂന്ന് ക്യൂ കോംപ്ലക്സുകൾ നിർമ്മിക്കും.
6) ശബരിമലയിൽ ടോയിലറ്റ് ബ്ലോക്ക് നിർമ്മിക്കും.
7) ശബരിമലയിൽ ഭസ്മക്കുളം നിർമ്മാണം പൂർത്തീകരിക്കും.
8) നിലയ്ക്കലിൽ പുതുതായി പണികഴിപ്പിച്ച റോഡിന് ഓടകൾ നിർമ്മിക്കും.
9) പുതുതായി ക്രമീകരിച്ച നിലയ്ക്കൽ പാർക്കിംഗ് ഗ്രൗണ്ടിൽ ഓടകൾ നിർമ്മിക്കും.
10) ശബരിമലയിൽ 5, 6, 7 നമ്പർ ഡോണർ ഹൗസുകൾക്ക് മുകളിലായി ഡോർമിറ്ററികൾ നിർമ്മിക്കും.
11) 500 പേർക്ക് ഒരേസമയം ഭക്ഷണം കഴിക്കാവുന്ന അന്നദാനമണ്ഡപത്തിന്റെ പണി പൂർത്തിയാക്കും.

....2/

12) ശബരിമല മെറ്റീരിയൽ റോപ്പ്വേയുടെ പാരിസ്ഥിതിക പഠനം പൂർത്തിയാക്കി, നിർമ്മാണ പ്രവർത്തനം ആരംഭിക്കും.

13) ശബരിമല വലിയ നടപ്പന്തൽ പുനർനിർമ്മിക്കും.

14) മീഡിയ പേഴ്സണൽ, മറ്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥർ എന്നിവരുടെ ആവശ്യത്തിനുള്ള കോംപ്ലക്സ് നിർമ്മിക്കും.

15) കുന്നാർ ഡാമിൻെറ വിപുലീകരണം പൂർത്തിയാക്കും.

16) ആധുനിക രീതിയിലുള്ള അപ്പം, അരവണ പ്ലാൻറ് പൂർത്തിയാക്കും.

ശബരിമല മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയ പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിലേക്കായി സർക്കാർ ഇതേവരെ 40 കോടി രൂപ നൽകിയിട്ടുണ്ട്. ഈ വർഷത്തെ ബഡ്ജറ്റിൽ 25 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ